സൃഷ്ടിക്കപ്പെട്ടു; ഇവ ഏതെല്ലാം വിഭാഗങ്ങളിൽ; കേരളീയരായ എത്ര യുവാക്കൾക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചു; വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2003 ജനുവരിയിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ജിം) എന്ന സംരംഭത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിൽ വിദേശ സംരംഭകരുടെ പദ്ധതികൾ ഒന്നാംതന്നെ വന്നിട്ടില്ല. എന്നാൽ തദ്ദേശ വ്യവസായ സംരംഭകരുടെ 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ ആരംഭിച്ച ജില്ല, അതുമൂലം ലഭിച്ച തൊഴിലവസരങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ജിം സംഗമത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിൽ ആരംഭിച്ച 19 പദ്ധതികളിൽ ആലപ്പുഴ ജില്ലയിൽ നിന്നുള്ള പദ്ധതികളൊന്നും ഉൾപ്പെട്ടുന്നില്ല.

അങ്കമാലി ഇൻകെല്ലിൽ സ്ഥലം അനുവദിക്കൽ

216 (3370) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അങ്കമാലി ഇൻകെല്ലിൽ സ്ഥലം അനുവദിക്കുന്നതിലെ മാനദണ്ഡം എന്തെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അവിടെ സ്ഥലം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായ വകുപ്പ് മുഖാന്തിരം ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ അവിടെ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) അങ്കമാലി ഇൻകെല്ലിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടി പൂർത്തീകരിച്ച കെട്ടിട സമുച്ചയത്തിനും സ്ഥലത്തിനുമായി നാളിതുവരെ പല പ്രാവശ്യങ്ങളിലായി കഴിഞ്ഞ നാല് വർഷങ്ങളിൽ പത്രങ്ങളിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. പദ്ധതികളുടെ മേന്മയുടെയും വയബിലിറ്റിയുടെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാണ് കെട്ടിടങ്ങളും സ്ഥലവും നൽകാൻ തീരുമാനിക്കുന്നത്. അലോട്ട്മെന്റിന് അപേക്ഷകൾ ലഭിക്കുന്ന ക്രമത്തിൽ പരിഗണിക്കുന്നതാണ്.

(ബി) ബിൽറ്റ് അപ് സ്പേസ്, പ്ലോട്ട് എന്നിവ ഗ്രീൻ വ്യവസായങ്ങൾ, വിവര സാങ്കേതിക സംരംഭങ്ങൾ, സേവന മേഖല, വിദ്യാഭ്യാസ തൊഴിൽ പരിശീലനം, ധനകാര്യ സേവനം തുടങ്ങിയവയ്ക്കാണ് നൽകുന്നത്.

(സി) ഇൻകെൽ നേരിട്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. എന്നിരുന്നാലും കെ.എസ്.ഐ.ഡി.സി. ഇൻകെല്ലിന്റെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയിൽ 5000 ചതുരശ്ര അടി സ്ഥലം ഇൻകുബേഷൻ സെന്റർ തുടങ്ങുന്നതിനുവേണ്ടി എടുത്തിട്ടുണ്ട്.

(ഡി) ഇൻകെൽ പണി കഴിപ്പിച്ച ഒന്നാം കെട്ടിട സമുച്ചയത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കേരള സ്കിൽ അക്കാദമി ഓഫ് എക്സലൻസ് (KASE), പലവിധ തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾക്കായി സ്ഥലമെടുത്തിട്ടുണ്ട്.

അങ്കമാലി ടെൽക്കിന്റെ പ്രവർത്തനം

217 (3371) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ അങ്കമാലി ടെൽക്കിന്റെ പ്രവർത്തനത്തെ കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ടെൽക്ക് ലാഭത്തിലായിരുന്നോ നഷ്ടത്തിലായിരുന്നോ എന്ന് വെളിപ്പെടുത്താമോ;

(സി) ടെൽക്കിന്റെ പ്രതിസന്ധിയുടെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എഫ്) ദീർഘകാല കരാറിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ടെൽക്ക് നഷ്ടത്തിലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly